**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 26, തിങ്കൾ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| |
|---|
| **മറുപടി നൽകുന്ന മന്ത്രിമാർ** |
| **മുഖ്യമന്ത്രി** |
| **ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി** |
| **ഭക്ഷ്യ – പൊതുവിതരണ വകുപ്പ് മന്ത്രി** |
| **തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി** |

**കെ-സ്മാർട്ട് മുഖേന കെട്ടിടനമ്പർ**

***151** **ശ്രീ. കല്ലട മാഹിൻ**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. ഫൈസൽ ബാബു**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

**(ബി)** കെ-സ്മാർട്ട് വഴി കെട്ടിട നമ്പർ അനുവദിക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

**(സി)** കെട്ടിട നമ്പർ അനുവദിക്കുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിക്ക് തുടർ നടപടി സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

## ആഗോള ഹെൽത്ത് ഡെസ്റ്റിനേഷൻ

***152 ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി സംസ്ഥാനത്തെ മാറ്റാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി വെൽനസ് സെന്ററുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്ട്രോക്ക് ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഹോളിസ്റ്റിക് ചികിത്സ നൽകുന്ന സംവിധാനങ്ങൾ എന്നിവ ആരംഭിക്കുമോ; വിശദമാക്കാമോ;

(സി) രോഗപ്രതിരോധത്തിനും രോഗനിർണ്ണയത്തിനുമായി സംസ്ഥാനത്ത് വിപുലമായ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

## പ്രകൃതി ദുരന്തങ്ങളും പ്രതിരോധവും

***153 ശ്രീ. എ. ഡി. തോമസ്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ശാസ്ത്രീയമായി പ്രതിരോധിക്കാൻ പ്രഖ്യാപിക്കപ്പെട്ട കേരള പ്രളയ അതിജീവന ദൗത്യത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങൾ നേരത്തെ കണ്ടെത്തി കൃത്യമായ മുന്നറിയിപ്പ് നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തുണ്ടാകുന്ന വിവിധതരം പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയമായ മുന്നൊരുക്കങ്ങൾ നടത്തുമോ; വിശദമാക്കുമോ?

**<u>സമഗ്ര ആരോഗ്യ മാതൃക</u>**

***154 ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സമ്പൂർണ്ണ ആരോഗ്യം, ദീർഘായുസ്സ് എന്നിവ ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ മാതൃക വികസിപ്പിക്കാൻ സർക്കാർ ഉന്നതതല കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** എങ്കിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതിന്റെ തുടർച്ചയായി ആണോ പ്രസ്തുത കർമ്മസേന രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ;

**(സി)** രോഗങ്ങൾ തടയുന്നതിനും തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും മികച്ച ചികിത്സ ഉറപ്പാക്കി ആരോഗ്യകരമായ വാർദ്ധക്യത്തിനുമായി രാജ്യത്ത് ആദ്യമായാണോ സമഗ്രപദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

**(ഡി)** രോഗം വന്നതിനുശേഷം ചികിത്സ തേടുന്ന രീതിക്ക് പകരമായി രോഗം വരാതിരിക്കാനുള്ള സംവിധാനമാണോ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ശബരിമലയിലെ ക്രമക്കേടുകൾ</u>**

***155 ശ്രീ. ബി. ബി. ഗോപകുമാർ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ശബരിമല സന്നിധാനത്തെ ദ്വാരപാലക ഫലകങ്ങൾ ഉൾപ്പെടെയുള്ള സ്വർണ ഉരുപ്പടിയിലും സ്റ്റോർ രജിസ്റ്ററിലും ഗുരുതരമായ ക്രമക്കേടുകളും സ്വർണ്ണക്കൊള്ളയും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതിയുടെ അനുമതിയില്ലാതെ ദേവസ്വം മാനുവൽ ലംഘിച്ച് സ്വർണ്ണപ്പാളികൾ അറ്റകുറ്റപ്പണിക്ക് എന്ന പേരിൽ പുറത്തേക്ക് കൊണ്ടുപോകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥരുടെയും ദേവസ്വം ബോർഡ് അധികൃതരുടെയും പങ്ക് സംബന്ധിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രത്യേക അന്വേഷണസംഘം നടത്തിയ അന്വേഷണത്തിൽ നഷ്ടപ്പെട്ടതായി കണ്ടെത്തിയ സ്വർണ്ണത്തിൽ എത്ര അളവ് ഇതുവരെ വീണ്ടെടുത്തിട്ടുണ്ട്; കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ സ്വീകരിച്ച ക്രിമിനൽ നിയമ നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ആഭരണങ്ങളുടെയും സ്വർണ്ണ ഉരുപ്പടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും കൃത്യമായ തിട്ടപ്പെടുത്തലിനുമായി പ്രത്യേക സ്വർണ്ണ ഓഡിറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കുമോ?

## <u>ഐ.സി. 100 ചലഞ്ച്</u>

***156 ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹ്രസ്വകാല പരിപാടികളും അവയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) മാലിന്യമുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി വൃത്തിയാക്കുന്ന സ്ഥലം അതേ നിലയിൽ പരിപാലിക്കുകയെന്ന ലക്ഷ്യത്തോടെയാണോ ഐ.സി. 100 ചലഞ്ച് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മാലിന്യ നിർമാർജന പ്രവർത്തനങ്ങളിലും മാലിന്യമുക്ത പ്രദേശങ്ങളുടെ പരിപാലനത്തിനും പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി

പ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

**(ഡി)** പദ്ധതിയുടെ ഭാഗമായി മാലിന്യമുക്തമാക്കുന്ന പ്രദേശങ്ങളിൽ വീണ്ടും മാലിന്യ നിക്ഷേപമുണ്ടാക്കുന്നത് ഒഴിവാക്കാൻ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും സംസ്ഥാനതല നിരീക്ഷണ സമിതി രൂപീകരിക്കുന്നതിനും നിർദേശമുണ്ടോ; വിശദമാക്കാമോ?

**ജി.എസ്.ടി. വരുമാനം**

***157 ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2017-ൽ ജി.എസ്.ടി. നടപ്പാക്കിയ ശേഷം പ്രതിമാസ വരുമാനത്തിൽ 2026 സെപ്റ്റംബർ മാസം റെക്കോർഡ് വരുമാനം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

**(ബി)** ഓണത്തോടനുബന്ധിച്ച് ക്ഷേമപെൻഷൻ, ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത, വിവിധ വിഭാഗങ്ങൾക്ക് ധനസഹായം, സപ്ലൈകോ വഴി വില കുറച്ച് ഉൽപന്ന വിൽപന തുടങ്ങിയവയ്ക്ക് സർക്കാർ പതിനായിരം കോടിയിലേറെ രൂപ ചെലവിട്ടിരുന്നോ; വിശദമാക്കുമോ;

**(സി)** ഈ പണത്തിന്റെ നല്ലൊരു പങ്ക് മണി സർക്കുലേഷനിലൂടെ ഉൽപ്പന്നങ്ങൾ വാങ്ങാനും മറ്റുമായി ജനം വിപണിയിൽ ചെലവിട്ടതാണോ ജി.എസ്.ടി വരുമാനം റെക്കോർഡിലെത്താൻ കാരണമെന്ന് വ്യക്തമാക്കുമോ; വരും മാസങ്ങളിലും ജി.എസ്.ടി വരുമാനത്തിൽ ഈ വിധത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**ജനസ്പർശം പദ്ധതി**

***158 ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിവിധ സർക്കാർ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണവും വ്യാപ്തിയും വിലയിരുത്തുകയോ നിർണയിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ജനസ്പർശം പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതി പ്രകാരം ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾക്കും അടിയന്തര പ്രാധാന്യം നൽകേണ്ട ഫയലുകൾക്കും മുന്തിയ പരിഗണന നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

**(ഡി)** പദ്ധതിയിലൂടെ തീർപ്പാക്കുന്ന ഫയൽ വിഷയങ്ങൾക്ക് സമാനമായ പ്രശ്നങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടിക്രമങ്ങൾക്ക് രൂപം നല്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>പുതുക്കിയ ബജറ്റ് കണക്കുകൾ</u>**

***159 ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് കണക്കുകൾ പ്രകാരം, സംസ്ഥാന സർക്കാരിന്റെ ആകെ ചെലവ് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത ബജറ്റ് കണക്കുകൾ പ്രകാരം ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി പ്രത്യേകം എത്ര കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും ഓരോ ഇനവും ആകെ ചെലവിന്റെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ;

**(സി)** ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കുള്ള ചെലവ് ആകെ എത്ര കോടി രൂപയാണെന്നും ഇത് സംസ്ഥാനത്തിന്റെ ആകെ ബജറ്റ് ചെലവിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ഡി) ശമ്പളം, പെൻഷൻ, പലിശ എന്നിവ ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇത് ആകെ ചെലവിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ഇ) 2026-27ലെ ആദ്യ ബജറ്റിലും പുതുക്കിയ ബജറ്റിലും ശമ്പളം, പെൻഷൻ ഇനത്തിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇത് 2025-26 ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ എത്ര കോടി രൂപ കൂടുതലാണെന്ന് വ്യക്തമാക്കാമോ?

**ഫയലുകൾ തീർപ്പാക്കാൻ നടപടി**

*160 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിലായി തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പുതിയ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വർഷങ്ങളായി തീർപ്പാക്കാത്തതും അടിയന്തര പ്രാധാന്യമുള്ളതുമായ ഫയലുകൾക്ക് മുൻഗണന നൽകുമോ;

(സി) ഫയൽ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള പബ്ലിക് സർവീസ് കമ്മീഷനിലെ ചെയർമാനും അംഗങ്ങളും**

*161 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ നിലവിൽ എത്ര അംഗങ്ങളുണ്ട്;

(ബി) നിലവിലുള്ള ആകെ അംഗസംഖ്യ കുറയ്ക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണോ;

(സി) കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും നിലവിലെ പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാണോ;

(ഡി) നിലവിലുള്ള പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോ;

(ഇ) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അംഗമാകുന്നതിനും തുടർന്ന് ചെയർമാനാകുന്നതിനും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്;

(എഫ്) പൂർണ്ണസമയ കക്ഷിരാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമാക്കുന്നത് തടയുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) പൂർണ്ണസമയ രാഷ്ട്രീയ പ്രവർത്തകൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമാകുന്നതിന് മുമ്പ് പ്രസ്തുത രാഷ്ട്രീയ പാർട്ടിയിൽ നിന്നും രാജി വച്ചതായുള്ള സാക്ഷ്യപത്രം സമർപ്പിക്കണമെന്ന നിയമനിർമ്മാണം നടത്തുമോ?

## നിർമ്മലം - പുതുയുഗ ശുചിത്വ കേരളം പദ്ധതി

*162 **ശ്രീ. എഫ്. രാജ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2031 മാർച്ച് 31 നകം സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിടുന്ന നിർമ്മലം - പുതുയുഗ ശുചിത്വ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ 20,999 വാർഡുകളിൽ ഓരോ സ്ഥലം വീതം മാതൃകാപരമായി ശുചീകരിച്ച ഇടങ്ങളാക്കുവാനും മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) 02.10.2026 മുതൽ 31.03.2031 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളായാണോ പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ ഏകോപനം ശുചിത്വ മിഷനാണോ നിർവഹിക്കുന്നതെന്നും വിശദമാക്കാമോ?

## പി.എസ്.സി.യിലെ ക്രമക്കേട്

*163 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡ് ചീഫ് തസ്തികയിലെ നിയമനം സംബന്ധിച്ച പരാതിക്ക് ശേഷം പി.എസ്.സി.യിലെ ക്രമക്കേട് സംബന്ധിച്ച് എത്ര പരാതികൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) നിലവിലെ ചെയർമാന്റെയും അംഗങ്ങളുടെയും പങ്ക് ഈ ക്രമക്കേടുകളിൽ ഉണ്ടായിട്ടുണ്ടോ എന്ന് ഇതിനായി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം പരിശോധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പി.എസ്.സി.യുടെ വിശ്വാസ്യത വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ് പ്ലാന്റിന്റെ നിർമ്മാണ പുരോഗതി

*164 **ശ്രീ. എം. വിജിൻ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണോദ്ഘാടനം നടത്തിയ കോഴിക്കോട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിനായി മുൻ സർക്കാർ 643.88 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് 271 കോടി രൂപയായി കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അങ്ങനെ കുറവ് ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യഘട്ടം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 60 തസ്തികകൾ സൃഷ്ടിച്ചിരുന്നോ; ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായി മാറിയ ആലിൻ ഷെറിൻ എബ്രഹാം എന്ന കുട്ടിയുടെ പേര് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>തെരുവ് നായ്ക്കൾക്ക് ഷെൽറ്ററുകൾ</u>

*165 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലകളിൽ തെരുവ് നായ്ക്കൾക്ക് ഷെൽറ്ററുകൾ സ്ഥാപിക്കുമ്പോഴുള്ള എതിർപ്പ് ഒഴിവാക്കാൻ അവയെ പിടികൂടി പാർപ്പിക്കാനുള്ള അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് വനമേഖലയ്ക്ക് സമീപം സ്ഥലം കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയിരം നായ്ക്കളെ പാർപ്പിക്കാൻ എഴുപത് സെന്റ് വേണമെന്ന കേന്ദ്ര മൃഗക്ഷേമ ബോർഡിന്റെ വ്യവസ്ഥ പ്രകാരം ഓരോ ജില്ലയിലും രണ്ടായിരം നായ്ക്കളെ പാർപ്പിക്കാൻ രണ്ട് ഏക്കർ വീതം കണ്ടെത്താനാണോ ഉദ്ദേശിക്കുന്നത്; വെളിപ്പെടുത്തുമോ;

(സി) കൂടുകൾക്ക് പുറമേ നായ്ക്കൾക്ക് വിഹരിക്കാനുള്ള സ്ഥലം, അവയ്ക്കായി ഭക്ഷണം പാകം ചെയ്യാൻ അടുക്കള, ആരോഗ്യ പരിശോധനാ സൗകര്യം, വെറ്ററിനറി സർജനും ജീവനക്കാർക്കും ഉള്ള ഓഫീസ് എന്നിവ പ്രസ്തുത സ്ഥലത്ത് സജ്ജമാക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകാൻ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി അമ്പത്തിയാറ് ഇടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നോ; വ്യക്തമാക്കുമോ?

**<u>ലോക കേരളസഭ നിർത്തലാക്കാനുള്ള നീക്കം</u>**

***166 ശ്രീ. ടി. എം. ശശി**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രവാസി സമൂഹത്തെ ഏകോപിപ്പിക്കുന്നതിനും ആശയ രൂപീകരണത്തിനും പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുന്നിലെത്തിക്കാനുമുള്ള ജനാധിപത്യ വേദിയായ ലോക കേരളസഭ നിർത്തലാക്കാനുള്ള നീക്കത്തിൽ പ്രവാസി ലോകം ആശങ്ക പ്രകടിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രവാസി മലയാളികളുടെ ക്ഷേമത്തിന് നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും നിക്ഷേപത്തിന് അവസരമൊരുക്കുകയും ചെയ്ത ലോക കേരളസഭ തുടരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ലോകമെമ്പാടുമുള്ള പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കാൻ രൂപീകരിച്ച ലോക കേരളസഭ മാതൃകയിൽ പ്രവാസി ഫോറം ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിന് നടപടി</u>**

***167 ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജില്ല, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിനും ചികിത്സ വൈകുന്നത് ഒഴിവാക്കുന്നതിനും സംസ്ഥാനത്ത് 1690 ഡോക്ടർമാരുടെയും 986 നഴ്സുമാരുടെയും തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

**(സി)** മുഴുവൻ സമയ സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്ന ആശുപത്രികളിൽ (പ്രതീക്ഷ സെന്റർ) ഡോക്ടർമാരുടെ തസ്തികളുടെ വിന്യാസം ഏത് രീതിയിലായിരിക്കുമെന്ന് അറിയിക്കുമോ?

## <u>ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്യാൻ നടപടി</u>

***168** **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** താൽക്കാലിക നിയമനങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** എങ്കിൽ സർക്കാരിന്റെ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

***169** **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ കൂടുതൽ ജനകീയമാക്കുകയും ചെയ്യുണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പാക്കാൻ പുതിയ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

**(സി)** അത്യാഹിത-ട്രോമ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾ തമ്മിൽ മികച്ച ഏകോപനം ഉറപ്പാക്കിക്കൊണ്ടും ഡിജിറ്റയ്സ്ഡ് സംവിധാനം ലഭ്യമാക്കിക്കൊണ്ടും ഗോൾഡൻ അവർ പ്രോജക്ട് നടപ്പിലാക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

**(ഡി)** ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ സ്ഥാപിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

## <u>അർബുദരോഗികളുടെ വർധനവും രോഗപ്രതിരോധവും</u>

***170** **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് അർബുദരോഗികളുടെ എണ്ണം വൻതോതിൽ വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**(ബി)** ഇതിന്റെ കാരണങ്ങൾ പഠിക്കുന്നതിന് ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) അർബുദ രോഗികളുടെ എണ്ണം വർധിക്കുന്നതിന്റെ കാരണങ്ങൾ വിശദമായി പഠിച്ച് വർധനവ് പ്രതിരോധിക്കാനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്; വിശദമാക്കാമോ?

**<u>കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി</u>**

***171 ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) മലബാർ മേഖലയിലെ പ്രധാന വ്യവസായ വാണിജ്യ നഗരമായ കോഴിക്കോട് വർധിച്ചുവരുന്ന ഗതാഗതത്തിരക്ക് പരിഹരിക്കുന്നതിനും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി നിർദേശിക്കപ്പെട്ട കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിയുടെ സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ?

**<u>ഉപയോഗശൂന്യമായ മെഡിക്കൽ ഉപകരണങ്ങൾ</u>**

***172 ശ്രീ. സി. കെ. കാസിം**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്ക് കോടി കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**(ബി)** കഴിഞ്ഞ പത്ത് വർഷത്തിനിടെ ആരോഗ്യ വകുപ്പിൽ നടത്തിയ വിവിധ പർച്ചേസുകളെക്കുറിച്ച് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

**(സി)** പർച്ചേസുകളിലെ ക്രമക്കേടുകൾ വിജിലൻസിന് കൈമാറാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>സീറോ വേസ്റ്റ് സംസ്ഥാനം</u>**

***173** **ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഒരിടത്തും മാലിന്യമില്ലാത്ത സീറോ വേസ്റ്റ് സംസ്ഥാനമാക്കി കേരളത്തെ മാറ്റാനും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി പ്ലാന്റുകൾ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** കേരളത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്ക് നയിക്കാനും മാലിന്യ പരിപാലനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും വേണ്ടി നിർമ്മലം പുതുയുഗ ശുചിത്വ കേരളം പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ;

**(സി)** സംസ്ഥാനത്തെ ഓരോ വാർഡിലും ഏതെങ്കിലും ഒരു പൊതുസ്ഥലം തിരഞ്ഞെടുത്ത് നൂറു ദിവസം കൊണ്ട് വൃത്തിയാക്കാനും ഇതുവഴി നൂറു ദിവസത്തിനകം സംസ്ഥാനത്താകെ ഇരുപതിനായിരത്തിലേറെ 'ഗ്രീൻ പോയിന്റുകൾ' സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന</u>**

*174 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** രാജ്യത്ത് ജി.എസ്.ടി നടപ്പാക്കിയതിന്റെ പത്താം വാർഷികം ആഘോഷിക്കാനിരിക്കെ, സംസ്ഥാന ജി.എസ്.ടി വകുപ്പിൽ സമഗ്ര മാറ്റം വരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; നികുതി ചോർച്ച കണ്ടുപിടിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് മൂന്ന് വിഭാഗങ്ങളായി ജി.എസ്.ടി വകുപ്പിനെ വിഭജിച്ചിരുന്നെങ്കിലും നികുതി പിരിവ് ഊർജിതമായിട്ടില്ലെന്നും ഉദ്യോഗസ്ഥ വിന്യാസത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ട ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ജോലി കുറവുള്ള ഇടങ്ങളിൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നതും പുനഃസംഘടനയിൽ പരിഷ്കരിക്കുമോ; വിശദമാക്കുമോ?

## <u>മിഷൻ സമുദ്ര പദ്ധതി</u>

*175 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മിഷൻ സമുദ്ര പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടൊപ്പം മറ്റ് ചെറുകിട തുറമുഖങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിന്റെ തീരദേശ വികസനം, ബ്ലൂ ഇക്കോണമി, വാണിജ്യ ലോജിസ്റ്റിക്സ് മേഖല എന്നിവയിൽ പ്രതീക്ഷിക്കുന്ന പുരോഗതിയും പുതിയ തൊഴിലവസരങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**റേഷൻ കാർഡുകൾ മരവിപ്പിക്കൽ**

***176** **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതിയായ സ്മാർട്ട് പി.ഡി.എസ് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആറു മാസത്തിനിടെ ഒരു തവണ പോലും റേഷൻ സാധനങ്ങൾ വാങ്ങാത്ത കാർഡുകൾ മരവിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ കാർഡുകൾ മരവിപ്പിക്കരുതെന്നും ഇത് ആധികാരിക രേഖയായി നിലനിർത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ;

(സി) മുൻഗണനാ കാർഡുകളായ മഞ്ഞയും പിങ്കും റദ്ദാക്കപ്പെട്ടാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യ ഭദ്രതാ പദ്ധതി വിഹിതത്തിൽ ആനുപാതികമായി കുറവുണ്ടാകുമോ; ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മുണ്ടംവേലി ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം**

***177** **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടംവേലി ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി തന്നെയാണോ ഗുണനിലവാര പരിശോധനയ്ക്കുള്ള കൺസൽട്ടൻസി നൽകിയത്;

(സി) എങ്കിൽ ഇത് ചട്ടവിരുദ്ധമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ക്രമക്കേട് കാട്ടിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ഇ-കോമേഴ്സിലെ ജി.എസ്.ടി. വരുമാനം**

*178 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻനിര ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ കേരളത്തിന് രാജ്യത്തെ ഇ-കൊമേഴ്സ് വില്പനമൂല്യത്തിൽ എത്ര ശതമാനം വിഹിതമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ഇ-കൊമേഴ്സ് വില്പനമൂല്യത്തിന് ആനുപാതികമായ നികുതിവിഹിതം കേരളത്തിന് ലഭ്യമാകുന്നില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) 2026 ഒക്ടോബറിൽ നടന്ന അൻപത്തിയേഴാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ കേരളം എന്തെല്ലാം ആവശ്യങ്ങളും നിർദേശങ്ങളുമാണ് സമർപ്പിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ജി.എസ്.ടി. നിയമപ്രകാരം നിലവിൽ എത്രകോടി രൂപയ്ക്കുമേൽ വാർഷിക വിറ്റുവരവുള്ള ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്കാണ് ഇ-ഇൻവോയ്സ് നിർബന്ധമാക്കിയിട്ടുള്ളത്; വിറ്റുവരവ് പരിധി പരിഗണിക്കാതെ എല്ലാ ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്കും ഇ-ഇൻവോയ്സ് ബാധകമാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ഇ)** പ്രസ്തുത പരിഷ്കാരം നടപ്പിലാകുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതത്തിൽ പ്രതീക്ഷിക്കുന്ന വരുമാന വർധനവ് എത്രയെന്നറിയിക്കാമോ; വിശദമാക്കുമോ?

**<u>സ്വകാര്യ ആശുപത്രികളിലെ ചൂഷണം തടയാൻ നടപടി</u>**

***179** **ശ്രീ. പി. പി. സുമോദ്**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** രോഗികളിൽ അനാവശ്യമായി ആൻജിയോപ്ലാസ്റ്റി നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം ആശുപത്രികളിലാണ് അത്തരത്തിൽ അനാവശ്യമായി ആൻജിയോപ്ലാസ്റ്റി നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** ആവശ്യമില്ലാതെ രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി നടത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ ഇത് തടയുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**(സി)** ആൻജിയോപ്ലാസ്റ്റിയുടെ പേരിൽ സ്വകാര്യ ആശുപത്രികൾ അമിത ചാർജ്ജ് ഈടാക്കി രോഗികളെ ചൂഷണം നടത്തുന്നതായി കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**(ഡി)** സ്വകാര്യ മേഖലയിലെ ചൂഷണം തടയുന്നതിന് എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും ഹൃദ്രോഗ ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**(ഇ)** ഹൃദ്രോഗം പോലെ ജീവിതശൈലി പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന ഗുരുതര രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ മരുന്നിനും പരിശോധനയ്ക്കും സൗകര്യമൊരുക്കുമോ; വിശദമാക്കാമോ?

**<u>മത്സ്യവിഭവങ്ങളിലുള്ള മറൈൻ ബയോ ടോക്സിൻ സാന്നിധ്യം</u>**

***180** **ശ്രീ. വി. എസ്. ജോയി**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യവിഭവങ്ങളിലുള്ള മറൈൻ ബയോ ടോക്സിൻ സാന്നിധ്യം കണ്ടെത്തുന്നതിന് നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബുകളിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദമാക്കാമോ;

**(ബി)** മറൈൻ ബയോ ടോക്സിൻ മൂലമുള്ള ഭക്ഷ്യവിഷബാധ തടയുന്നതിന് ഫിഷറീസ് വകുപ്പും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

**(സി)** ഇത്തരത്തിൽ മറൈൻ ബയോ ടോക്സിൻ ഭക്ഷ്യവിഷബാധ കൈകാര്യം ചെയ്യുന്നതിന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** മത്സ്യവിഭവങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന നമ്മുടെ സംസ്ഥാനത്ത് മറൈൻ ബയോ ടോക്സിൻ-ന്റെ സാന്നിധ്യം സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള മത്സ്യങ്ങളുടെയോ മത്സ്യവിഭവങ്ങളുടെയോ വിപണനം നിർത്തിവെക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഇ)** മറൈൻ ബയോ ടോക്സിൻ മൂലമുള്ള ഭക്ഷ്യ വിഷബാധ മനുഷ്യരിൽ സ്ഥിരീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

**(എഫ്)** മറൈൻ ബയോ ടോക്സിൻ ഭക്ഷ്യവിഷബാധ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ പഠനങ്ങൾ നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം, **ഷാജി സി ബേബി**

2026 ഒക്ടോബർ 17, ശനി സെക്രട്ടറി ഇൻചാർജ്

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].